## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1544 — 04.12.2015-ൽ മറുപടിക്ക്

## വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സ്മാരകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു റ്റി. തോമസ്:<br>ശ്രീ. സി.കെ. നാണു:<br>ശ്രീമതി ജമീല പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനം നടന്ന വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക വേണ്ടി നിർമ്മിച്ച സ്മാരകത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) വട്ടിയൂർക്കാവിൽ നിർമ്മാണം പൂർത്തിയാക്കിയ സ്വാതന്ത്ര്യസമര സ്മാരകം 02.07.2015 ൽ പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. സ്മാരകത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. |
| (ബി) പ്രസ്തുത സ്മാരകത്തിന് വട്ടിയൂർക്കാവ് സമ്മേളനത്തിന്റെ സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന എ. കഞ്ഞൻ നാടാരുടെ പേര് നൽകണമെന്നും പ്രസ്തുത സമ്മേളന ത്തിൽ പങ്കെടുത്ത പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി കളുടെ പേരുകൾ ഉൾക്കൊള്ളുന്ന സ്മാരക ഫലകം അവിടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | (ബി) ലഭിച്ചിട്ടില്ല |
| (സി) എങ്കിൽ പ്രസ്തുത നിവേദനം സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെന്ന് വ്യക്തമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ